LIBRARY ARCHIVES Kerala Legislative Assembly

കന്നത്തൂർ-പെരിങ്ങോട്ടുകുറിശ്ശി കുടിവെള്ള പദ്ധതി

223 (912) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തരൂർ മണ്ഡലത്തിലെ കന്നത്തൂർ - പെരിങ്ങോട്ടുകുറിശ്ശി കുടിവെള്ള പദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) പദ്ധതിക്ക് എസ്.എൽ.എസ്.എസ്.സി.-യുടെ അനുമതി ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എസ്.എൽ.എസ്.എസ്.സി.-യുടെ അടുത്ത മീറ്റിംഗിൽ പ്രസ്തുത പദ്ധതി അനുമതിക്കായി സമർപ്പിക്കുമോ ;

(സി) പദ്ധതിയുടെ ഡി.പി.ആർ. ലഭ്യമായിട്ടുണ്ടോ; പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) കന്നത്തൂർ-പെരിങ്ങോട്ടുകുറിശ്ശി കുടിവെള്ള പദ്ധതിയുടെ രണ്ടാം ഘട്ടത്തിനായി 1100 ലക്ഷം രൂപയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിയിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായുള്ള ഉന്നതതല സംഭരണി നിർമ്മിക്കുന്നതിന് നടവത്തുപ്പാറ പ്രദേശത്തും ഭൂതല ജല സംഭരണി നിർമ്മിക്കുന്നതിന് തോട്ടുമുക്കിലും സ്ഥലം ലഭ്യമാക്കുന്നതിനായി പഞ്ചായത്ത് അധികൃതരോട് രേഖാമൂലം കേരള വാട്ടർ അതോറിറ്റി ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) പദ്ധതിക്ക് എസ്.എൽ.എസ്.എസ്.സി.-യുടെ അനുമതി ലഭിച്ചിട്ടില്ല. എസ്.എൽ.എസ്.എസ്.സി.-യുടെ അടുത്ത മീറ്റിംഗിൽ പ്രസ്തുത പദ്ധതി സമർപ്പിക്കുന്നത് കേരള വാട്ടർ അതോറിറ്റിയുടെ പരിഗണനയിലാണ്.

(സി) ഈ പദ്ധതിയുടെ ഡി.പി.ആർ. കേരള വാട്ടർ അതോറിറ്റിയിൽ ലഭ്യമായിട്ടുണ്ട്. രണ്ടാംഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ താഴെപ്പറയുന്നു:

1. നടുവത്തുപ്പാറയിൽ ഒരു ലക്ഷം ലിറ്റർ ശേഷിയുള്ള ഉന്നതതല ജലസംഭരണി.
2. നടുവത്തുപ്പാറ-തോട്ടുമുക്കിൽ 50000 ലിറ്റർ ശേഷിയുള്ള ഭൂതല സംഭരണി.

3. 6.6 കി.മീറ്റർ നീളത്തിലുള്ള പ്രധാന പൈപ്പുലൈനുകൾ

4. പെരിങ്ങോട്ടുകുറിശ്ശി പഞ്ചായത്തിലേക്കുള്ള 67.38 കി.മീറ്റർ വിതരണ ശൃംഖല.

5. കുന്നത്തൂർ പഞ്ചായത്തിലേക്കുള്ള 38.75 കി.മീറ്റർ വിതരണ ശൃംഖല.

താൽക്കാലിക തടയണകൾ

224 (913) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുഴകളിൽ താൽക്കാലിക തടയണകൾ നിർമ്മിക്കുന്ന പദ്ധതി നിലവിലുണ്ടോ ;

(ബി) കോഴിക്കോട് ജില്ലയിൽ ഈ പദ്ധതിയിൽ ഉൾപ്പെടുത്തി 2014-15, 2015-16 വർഷങ്ങളിൽ ഭരണാനുമതി നൽകിയ പ്രവൃത്തികൾ ഏതെല്ലാമാണെന്നു വിശദമാക്കുമോ?

ഉത്തരം

(എ) നിലവിലുണ്ട്.

(ബി) 2014-15 വർഷത്തിൽ അഞ്ച് താൽക്കാലിക തടയണകളുടെ പ്രവൃത്തി നടപ്പിലാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.* 2015-16 വർഷത്തിൽ കോഴിക്കോട് ജില്ലയിൽ താത്കാലിക തടയണകൾക്ക് അനുമതി നൽകിയിട്ടില്ല.

മൂർക്കനാട് കുടിവെള്ള പദ്ധതി

225 (914) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂർക്കനാട് കുടിവെള്ള പദ്ധതിയുടെ എത്ര ശതമാനം പ്രവൃത്തിയാണ് ഇതുവരെ പൂർത്തിയാക്കിയിട്ടുള്ളത്;

(ബി) പ്രസ്തുത പദ്ധതി എന്ന് കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) 98 ശതമാനം പൂർത്തീകരിച്ചു. ജനുവരി 2016-നകം എല്ലാ വിതരണ ശൃംഖലകളും പൂർത്തീകരിച്ച് പദ്ധതി കമ്മീഷൻ ചെയ്യാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly